ങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി, അതിന്റെ 74 ശതമാനം വരെ ഓഹരികൾ ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ ഡിസ്ഇൻവെസ്റ്റ് കമ്മിഷൻ കേന്ദ്ര സർക്കാരിനോട് ശുപാർശ നൽകിയതായി വാർത്താമാധ്യമങ്ങളിൽനിന്നും അറിയുന്നു. അതു പോലെ ഫാക്ടിന്റെ 51 ശതമാനം ഓഹരി ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യാൻ നീക്കമുണ്ട് എന്നറിവായിട്ടുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഡിസ്ഇൻവെസ്റ്റ് ചെയ്യാനുള്ള നീക്കത്തിനെതിരെ സംസ്ഥാനഗവണ്മെന്റ് ശക്തിയായ പ്രതി ഷേധം കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. അത്തരെ ഒരു ശുപാർശ നട ത്തിയിട്ടില്ലെന്ന് ഡിസ്ഇൻവെസ്റ്റ്മെന്റ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്. ഫാക്ടിന്റെ 51 ശതമാനം ഓഹരി ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യുന്നകാര്യം യഥാസമയം ആലോചിക്കുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഡിസ്ഇൻവെ സ്റ്റ്മെന്റ് സമീപനംകൊണ്ട് സർക്കാർ അറിയിച്ചിട്ടുണ്ട്. ഡിസ്ഇൻവെസ്റ്റ്മെന്റ് സമീപനം കൊണ്ട് മുൻകാലങ്ങളിൽ ലക്ഷ്യമിട്ടിരുന്നത് ബന്ധപ്പെട്ട വ്യവ സായ സംരംഭം സാമ്പത്തികഭദ്രത കൈവരിക്കുന്നതോടുകൂടി, അതിൽ സർക്കാരിന്റെ ബന്ധപ്പെട്ട ഹോൾഡിംഗ് കമ്പനിക്കോ ഉള്ള ഓഹരിയുടെ ഒരു ഭാഗം പിൻവലിക്കുകയും അപ്രകാരം സമാഹരിക്കുന്ന തുക പുതിയ സംരംഭ ങ്ങളിൽ മുതൽമുടക്കുമായിരുന്നു. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ ലക്ഷ്യ മിടുന്നത് ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെ സമാഹരിക്കുന്ന 10,000 കോടി രൂപ സമൂഹ്യ സേവനരംഗത്തും പശ്ചാത്തല സൗകര്യവികസനത്തിനുംവേണ്ടി വിനിയോഗിക്കുമെന്നാണ്. മുമ്പ് നരസിംഹറാവു ഗവണ്മെന്റിന്റെ കാലത്ത് ഇതിന്റെ മുന്നോടിയായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന നടന്നു. കോടിക്കണക്കിനു രൂപയ്ക്കാണ് വിൽപ്പന നടന്നത്. അതിൽ 5000 കോടി രൂപയുടെ അഴിമതി നടന്നതായി ആരോപണം ഉണ്ടായിരുന്നു. ഇപ്പോഴത്തെ നീക്കത്തിനും വൻതോതിൽ അഴിമതി നടന്നിട്ടുണ്ടെന്നാണ് അറിയുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനം നടപ്പിലായാൽ ഡിസ്ഇൻവെസ്റ്റ്മെന്റിന് വിധേയമാകുന്ന വ്യവസായസ്ഥാപനങ്ങളുടെ വികസ നത്തിനും വൈവിധ്യവൽക്കരണ പരിപാടികൾക്കുംവേണ്ടി ധനം വിവിധ ഏജൻസികളിൽനിന്നും സ്വരൂപിക്കുന്നതിലും അവ നടപ്പിലാക്കുന്നതിനും പ്രയാസമുണ്ടാകും, വിഷമമുണ്ടാകും. അത്തരം സ്ഥിതിവിശേഷം ഈ സ്ഥാപ നങ്ങളുടെ ഭാവിപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും അവി ടത്തെ തൊഴിലാളികളുടെ ജീവിതത്തേയും അതിലുപരി ബന്ധപ്പെട്ട സ്ഥാപ നങ്ങളിലെ സാമ്പത്തിക പുരോഗതിയേയും ദോഷകരമായി ബാധിക്കുകയും ചെയ്യും. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം പ്രത്യേകിച്ചും കാവൽ മന്ത്രിസഭയുടെ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് സംസ്ഥാന ഗവ ണ്മെന്റിന്റെ നിലപാട്. അതിനായി കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) ഡോക്ടർ ജോഷി ജേക്കബിനെ അഭിനന്ദിക്കേണ്ടത് സംബന്ധിച്ച്

<u>ശ്രീ. എം. മുരളി</u> : സർ, നോബൽ സമ്മാനത്തിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുന്ന ഒരു മലയാളി ശാസ്ത്രജ്ഞനെ ഈ സഭ ഒന്നടങ്കം അഭിന ന്ദിക്കുകയും അദ്ദേഹത്തിന് ആശംസകൾ നേരുകയും ചെയ്യണമെന്ന് അപേ ക്ഷിക്കാനാണ് ഞാൻ ഈ സബ്മിഷൻ അങ്ങയുടെ അനുവാദത്തോടുകൂടി അവതരിപ്പിക്കുന്നത്. മനുഷ്യന്റെ അജയ്യത ഉയർത്തിക്കാട്ടുന്ന, അടുത്ത നൂറ്റാ ണ്ടിൽ ചികിത്സാരംഗത്ത് രോഗപ്രതിരോധത്തിന് ഒരു വിപ്ലവമായി മാറിയിരി ക്കുന്ന അപൂർവ്വ നേട്ടമാണ്. മലയാളിയായ ഈ മാവേലിക്കര സ്വദേശി. അമേ രിക്കയിലെ ജോർജിയായിലെ എമോറി സർവകലാശാലയിലെ മൈക്രോ ബയോളജി ആന്റ് ഇമ്മ്യൂണോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ജോഷി ജേക്കബ് ലോകത്തിനും മാനവരാശിക്കും സംഭാവന ചെയ്തിരിക്കുന്നത് മനുഷ്യശരീരത്തിലെ രോഗപ്രതിരോധ സംവിധാനത്തെക്കുറിച്ചുള്ള കണ്ടുപിടുത്തമാണ്. മെമ്മറി ടി സെല്ലുകൾ എന്നറിയപ്പെടുന്ന പ്രത്യേക കോശങ്ങൾ സ്ഥിരമായി നിക്ഷേപിക്കുന്ന സംവിധാനമാണ് ഡോ. ജോഷി ജേക്കബ് നോബൽ സമ്മാന ജേതാവായ പ്രശസ്തനായ ഡേവിഡ് ബാൾട്ടിമൂറുമായി ചേർന്ന് ഗവേഷണത്തിലൂടെ കണ്ടുപിടിച്ചിരിക്കുന്നത്. ശരീരത്തിലെ രോഗാണുക്കളായ വൈറസുകളുടെ ആക്രമം ഉണ്ടായാൽ ഭൂരിപക്ഷം പ്രതിരോധ സെല്ലുകളും ചത്തൊടുങ്ങുന്നു. അവശേഷിക്കുന്ന പ്രതിരോധ സെല്ലുകൾക്ക് പുതുജീവൻ നൽകുന്നതിനുള്ള ജോലിയാണ് മെമ്മറി സെല്ലുകൾ നിക്ഷേപിക്കുന്നതിലൂടെ കൈവരിക്കാൻ പോകുന്നത്. ഇതുവരെ കണ്ടെത്താൻ വൈദ്യലോകത്തിന് കഴിഞ്ഞിട്ടില്ലാത്ത, ശാസ്ത്രലോകത്തിന് കഴിഞ്ഞിട്ടില്ലാത്ത അപൂർവ്വമായ നേട്ടമാണ് ഡേവിഡ് ബാൾട്ടി മൂറുമായി ചേർന്ന് ഡോ. ജോഷി ജേക്കബ് കണ്ടെത്തിയിരിക്കുന്നത്. ഇത് കൈവന്നതോടെ ലൂക്കീമിയ ഉൾപ്പെടെയുള്ള എല്ലാ ക്യാൻസർ രോഗങ്ങളും മനുഷ്യശരീരത്തിലെ പ്രതിരോധശക്തി കീഴടക്കുന്ന മറ്റുരോഗങ്ങളും ഡോ. ജോഷി ജേക്കബിന്റെ അപൂർവ്വ നേട്ടത്തിലൂടെ മനുഷ്യന്റെ മുമ്പിൽ കീഴടങ്ങാൻ പോകുകയാണ്. നേച്ചർ എന്ന ശാസ്ത്ര മാസികയിൽ ഡോ. ജോഷിയുടെ ഗവേഷണറിപ്പോർട്ട് സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനോടകം നിരവധി ലോക പുരസ്കാരങ്ങൾ ഡോ. ജോഷി ജേക്കബിനെ തേടിയെത്തിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹം നോബൽ സമ്മാനത്തിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണ്. മലയാളിക്ക് അഭിമാനിക്കാവുന്ന ഒരു നേട്ടമാണ്. അടുത്ത നൂറ്റാണ്ടിൽ മാനവരാശിക്കും ലോകത്തിനും ഉള്ള ഈ കൊച്ചുകേരളത്തിന്റെ സംഭാവനയാണ് ഇത്. ഈ സഭയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സഭാനാഥനായ അങ്ങും ഈ സഭ ഒന്നടങ്കവും ഡോ. ജോഷി ജേക്കബിനെ കലവറയില്ലാതെ അഭിനന്ദിക്കുകയും അദ്ദേഹത്തിന് ആശംസകൾ ചൊരിയുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മെമ്മറി ടി സെൽസ് എന്ന രോഗങ്ങളെ ചെറുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന രക്താണുക്കളെ വേർതിരിച്ചറിയാൻ സഹായിക്കുന്ന ഒരു സംവിധാനം വികസിപ്പിച്ചെടുക്കുകയാണ് ഡോ. ജോഷി ജേക്കബ് ചെയ്തത്. ഈ വിവരം പത്രദ്വാര ഡോ. ജോഷി ജേക്കബിന്റെ പ്രസ് റിലീസിന്റെ ആധാരത്തിൽ പ്രസിദ്ധീകൃതമായതാണ്. ഇത്ര സുപ്രധാനമായ ഒരു കണ്ടുപിടിത്തം ശാസ്ത്ര ജേർണലുകളിലോ ശാസ്ത്രജ്ഞന്മാരുടെ സെമിനാറുകളിലോ ഉൾപ്പെടുത്തി അംഗീകരിച്ചതിനുശേഷം അഭിനന്ദിക്കുന്നതായിരിക്കും ഉചിതമെന്നാണ് എന്റെ അഭിപ്രായം. പത്രത്തിൽ മാത്രമേ ഇതിന്റെ ന്യൂസ് വന്നിട്ടുള്ളൂ. ശാസ്ത്രജ്ഞന്മാരുടെ ജേർണലുകളിൽ വന്നാലും അഭിനന്ദിക്കാവുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഔദ്യോഗികമായിട്ടാണ് നമുക്കത് എടുക്കാൻ കഴിയുന്നത്. പക്ഷേ ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്.

(3) സർക്കാർ-അർദ്ധ സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരുന്ന ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം.

[10. A.M]

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും അർദ്ധസർക്കാർ ഡിപ്പാർട്ടുമെന്റുകളിലുമൊക്കെയായി ഇന്ന് തൊഴിലെടുത്തുവരുന്ന കരാർ തൊഴിലാളികൾ, ദിവസക്കൂലിക്കാർ, താൽക്കാലിക തൊഴിലാളികൾ തുടങ്ങിയ വിഭാഗക്കാരുടെ ജോലി സംബന്ധിച്ചുള്ള ഒന്നാണ് ഞാൻ ഈ സബ്മിഷനിൽ ഉന്നയിക്കുന്നത്. കേരള

LIBRARY ARCHIVES Kerala Legislative Assembly